"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ജോസ്.സി.ജെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 517/22 നമ്പർ കേസ്സിന്മേലുള്ള 29.03.2022 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1840/2022/LSGD തീയതി,തിരുവനന്തപുരം, 30-07-2022

---

പരാമർശം:- 1. സർക്കുലർ നം. 1479/Adv.C 2/2014/ഉഭപവ, തീയതി 25.09.2014

2. ശ്രീ. ജോസ്.സി.ജെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA (EKM) 517/22 നമ്പർ കേസ്സിന്മേലുള്ള 29.03.2022 ലെ ഉത്തരവ്.

3. പഞ്ചായത്ത് ഡയറക്ടറുടെ 12.07.2022 ലെ ഇ2-4671/22 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ . ജോസ് . സി . ജെ ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OA (EKM) 517/22 നമ്പർ ഹർജിയിന്മേൽ ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 29.03.2022 ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി അനക്ഷർ എ8 അപ്പീൽ പരിശോധിച്ച് ഉത്തരവ് ലഭിച്ച തീയതി മുതൽ 2 മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി.

2. മലപ്പുറം ജില്ലയിലെ ഇടക്കര ഗ്രാമപഞ്ചായത്തിൽ അനധികൃതമായി കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിടനമ്പർ, ലൈസൻസ് എന്നിവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയാതെ മറ്റ് ക്ലർക്കുമാരുടെ ലോഗിൻ ഐ.ഡി ദുരുപയോഗം ചെയ്ത് അനുവദിച്ചത് കണ്ടെത്തിയതിനെ തുടർന്ന് ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയ ഹെഡ്ക്ലാർക്കായ ശ്രീ. ജോസ്.സി.ജെ അടക്കം 9 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും കഠിനശിക്ഷയ്ക്ക് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. അച്ചടക്ക നടപടി നേരിടുന്നതിനാൽ ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് ശ്രീ ജോസ് സിജെ യെ പരിഗണിക്കുകയുണ്ടായില്ല. തന്റെ ജൂനിയർക്ക് പ്രൊമോഷൻ അനുവദിച്ച തീയതിയിൽ പ്രൊമോഷൻ നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ നിരസിച്ചതിനെ തുടർന്ന്

മേൽ ഉത്തരവ് റദ്ദ് ചെയ്യണമെന്നും പ്രൊമോഷൻ നൽകണമെന്നുമാവശ്യപ്പെട്ട് അന ക്ഷർ എ 8 അപ്പീൽ സമർപ്പിച്ചിരിക്കുന്നത് ഇതേ ആവശ്യം മുൻനിർത്തി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA(EKM) 517/22 നമ്പരായി കേസ് ഫയൽ ചെയ്യുകയുമുണ്ടായി.

3. കോടതി നിർദ്ദേശ പ്രകാരം അപേക്ഷകനെ 14.07.2022 രാവിലെ 11.30 ന് തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി നേർ വിചാരണ വേളയിൽ അനക്ഷർ എ8 നിവേദനത്തിലെ ആവശ്യം ആവർത്തിക്കുകയുണ്ടായി കൂടാതെ ചുവടെ ചേർത്തിരിക്കുന്ന ആവശ്യങ്ങളും ഉന്നയിക്കുകയുണ്ടായി.

i. അച്ചടക്ക നടപടി നേരിടുന്നതിനാൽ മാത്രം തനിക്ക് പ്രൊമോഷൻ നൽകാതിരിക്കുന്നത് യാതൊരു നിയമത്തിന്റെയും ചട്ടത്തിന്റെയും പിൻബലമില്ലാതെയാണ്.

ii. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി പരിഗണിക്കേണ്ട പ്ര മോഷനിൽ പോലും അച്ചടക്ക നടപടി നേരിടുന്ന ജീവനക്കാരെ കുറ്റവിമുക്തമാക്കിയിട്ടില്ലെങ്കിൽ ഓരോ ജീവനക്കാരന്റെ കേസും ആയതിന്റെ മെരിറ്റ് അനുസരിച്ച് തീരുമാനിക്കണമെന്ന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടം 28(ബി) (1) (7) ന് കീഴെയുള്ള നോട്ടിൽ അനുശാസിക്കുന്നുണ്ട് അതിനാൽ അർഹർതപ്പെട്ട പ്രൊമോഷൻ തടയരുതെന്ന് വ്യക്തമാക്കികൊണ്ട് പരാമർശം( 1 ) സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

iii. പഞ്ചായത്ത് വകുപ്പിൽ സസ്പെൻഡ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിപ്പിച്ച ജീവനക്കാർക്ക് അർഹതപ്പെട്ട സ്ഥാന കയറ്റം അനുവദിക്കുന്ന സമ്പ്രദായമാണ് ഇതേവരെ നിലനിന്നിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായ ഒരു സമീപനമാണ് തന്റെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത് ഈ നടപടി തുല്യനീതിയുടെ ലംഘനമാണ്.

iv. സൂപ്പർവൈസറി തസ്തികയായ ഹെഡ് ക്ലർക്ക് തസ്തികയിൽ തുടരുന്ന ജീവനക്കാരന് ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലും ഇപ്പോൾ ജോലി ചെയ്യുന്ന അത േ അവസ്ഥയിൽ ജോലി ചെയ്യാൻ കഴിയുമെന്നിരിക്കേ പ്രൊമോഷൻ , നിഷേധിക്കുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതല്ല.

v. നിലവിൽ യാതൊരു ശിക്ഷണ നടപടികളും സ്വീകരിച്ച് പ്രാബല്യത്തിൽ വരുത്താത്ത തന്റെ അർഹതപ്പെട്ട പ്രൊമോഷൻ തടയുന്നതിലൂടെ തന്റെ സീനിയോറിറ്റിയും നഷ്ടപ്പെടുന്ന ഒരവസ്ഥ സംജാതമായിരിക്കയാൽ ഒരേ കുറ്റത്തിന് രണ്ട് ശിക്ഷ നൽകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു.

4. പഞ്ചായത്ത് ഡയറക്ടർ ഈ വിഷയത്തിൽ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമപഞ്ചായത്തിൽ അനധികൃതമായി കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിടനമ്പർ, ലൈസൻസ് എന്നിവ അനുവദിച്ചതിൽ വ്യാപകമായ ക്രമക്കേട് നടന്നതായും, അപേക്ഷകൾ യഥാസമയം ഓഫീസിൽ സമർപ്പിക്കാതെ തന്നെ കെട്ടിട നമ്പർ അനുവദിച്ചതായും, ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയാതെ ലൈസൻസ് വിതരണം ചെയ്തതായും , കൂടാതെ ഓരോ ക്ലാർക്കുമാർക്കും അനുവദിച്ചിട്ടുള്ള വാർഡുകളിൽ അവരറിയാതെ മറ്റ് വാർഡ് ക്ലാർക്കുമാരുടെ ലോഗിൻ ഐ.ഡി ദുരുപയോഗം ചെയ്ത് കെട്ടിട നിർമ്മാണം, നമ്പറിംഗ്, കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങൾ തിരുത്തിയിട്ടുള്ള വിവരവും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. ജോസ്. സി. ജെ അടക്കം 9 ജീവനക്കാരെ പഞ്ചായത്ത് ഡയറക്ടർ സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ടി വിഷയത്തിന്മേൽ ശ്രീ ജോസ് സി. ജെ-ക്ക് കേരള സിവിൽ സർവ്വീസ് ക്ലാസിഫിക്കേഷൻ കൺട്രോൾ ആന്റ് അപ്പീൽ ചട്ടം 15 പ്രകാരം കുറ്റാരോപണ മെമ്മോയും പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിലെ ക്രമക്കേടുകളുടെ ആഴവും പരപ്പും നിർവ്വചിക്കാനാകാത്ത വിധത്തിൽ ഗുരുതരമായതിനാൽ പ്രസ്തുത വിഷയത്തിനമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെയും,

വിവര സാങ്കേതിക മേഖലയിൽ വൈദ ഗ്ധ്യം നേടിയിട്ടുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ ടൗൺ പ്ലാനറുടെ അന്വേഷണത്തിനുള്ള ശ ി പാർശ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ് . മേൽ വിഷയവുമായി ബന്ധപ്പെട്ട് സസ്പെൻഷൻ കാലാവധി 6 മാസം പൂർത്തീകരിച്ചതിനാലും ടിയാൻ സസ്പെൻഷനിൽ തുടരുന്നത് സർക്കാർ ഖജനാവിന് ന്യായീകരിക്കാൻ കഴിയാത്ത വിധം ഭീമമായ നഷ്ടത്തിന് ഇടവരുത്തുമെന്നതിനാലും അച്ചടക്ക നടപടിക്ക് ഭംഗം വരാത്ത രീതിയിൽ ശ്രീ.ജോസ് സി.ജെ . യെ. കോഴിക്കോട് ജില്ലയിലെ കറുവാറ്റൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായി പുനർ നിയമനം നൽകിയിട്ടുണ്ട്.

5. ഹെഡ് ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീ.ജോസ് 3051 നമ്പർ ക്രമനമ്പരായി ഉൾപ്പെടുന്നയാളാണ്. ടിയാൻ സസ്പെൻഷനിൽ ആയിരുന്ന കാലയളവിൽ ടിയാനെക്കാൾ ജൂനിയറായ ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. സസ്പെൻഷൻ കാലയളവ് കഴിഞ്ഞ് തിരികെ ഹെഡ് ക്ലാർക്ക് തസ്തികയിൽ പ്രവേശിപ്പിച്ചതിനെ തുടർന്ന് ടിയാന് സ്ഥാനക്കയറ്റം നൽകാതിരുന്നത് ടിയാനെതിരെ 1960 ലെ KCS(CC&A) റൂൾ 15 പ്രകാരമുള്ള ഗുരുതരമായ അച്ചടക്ക രാഹിത്യത്തിന്കുറ്റപത്രം നൽകിയിട്ടുള്ളതിനാലും , അച്ചടക്ക നടപടി നടന്നുവരുന്നതിനാലും ഇത്തരത്തിൽ സ്വന്തം ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു ഗുരുതരമായ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയ ജീവനക്കാരന് സ്ഥാനക്കയറ്റം നൽകുന്നത് വകുപ്പിലെ ജീവനക്കാർക്ക് തെറ്റ ാ യ സന്ദേശങ്ങൾ നൽകുന്നതിന് ഇടയാക്കും എന്നതിനാലുമാണ് .

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജോസ് സി.ജെ ക്കെതിരായ അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്നും സോഫ്റ്റ് വെയർ സംബന്ധിച്ച ചില വിഷയങ്ങളിൽ ഇൻഫർമേഷൻ കേരള മിഷ ന്റെ റിപ്പോർട്ട് ലഭ്യമായാലുടൻ അച്ചടക്ക നടപടിയിൽ തീരുമാനമാകുമെന്നും ഹിയറിംഗ് വേളയിൽ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണത്തിനായി C T P വിജിലൻസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഔദ്യോഗികപദവി ദുരുപയോഗം ചെയ്ത് ഗുരുതരമായ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് കഠിനശിക്ഷയുള്ള അച്ചടക്ക നടപടി നേരിടുന്ന ശ്രീ. സി. ജെ. ജോസ് -ന് ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിലേയ്ക്ക് പ്രൊമോഷൻ നിഷേധിച്ച പഞ്ചായത്ത് ഡയറക്ടറുടെ നടപടി തികച്ചും ഉചിതമാണെന്ന് കാണാവുന്നതാണ്. DPC കൂടി പ്രൊമോഷൻ നൽകുന്ന ഗസറ്റഡ് ഓഫീസർമാരുടെ വിഷയത്തിൽ കഠിനശിക്ഷയായ അച്ചടക്ക നടപടി നേരിടുന്ന ഓഫീസർമാരെ പ്രൊമോഷന് പരിഗണിക്കാറില്ല.

7. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ ജൂനിയർ സൂപ്രണ്ട് / അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ തന്റെ ജൂനിയർക്ക് പ്രൊമോഷൻ നൽകിയ തീയതിയിൽ പ്രമോഷൻ നൽകണമെന്ന അന ക്ഷ ർ എ 8 ലെ ശ്രീ.സി.ജെ.ജോസ്- ന്റെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 517/22 നമ്പർ കേസ്സിന്മേലുള്ള 29.0 3 .2022 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

സ.ഉ.(സാധാ) നം.1840/2022/LSGD

ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.സി.ജെ.ജോസ്, ഹെഡ് ക്ലാർക്ക്, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 118/ഇപിഎ1/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Danuja M S
Date: 01-08-2022 14:52:00
സെക്ഷൻ ഓഫീസർ